നമ്പർ: ജി.(1) 4363/05. സഹകരണസംഘം രജിസ്ട്രാർ ഓഫീസ്,

തിരുവനന്തപുരം, 27.2.2006.

സർക്കുലർ നമ്പർ. 11/2006.

വിഷയം: സഹകരണസംഘങ്ങളിലെ തെരഞ്ഞെടുപ്പ് നടത്തുന്ന റിട്ടേണിംഗ് ഓഫീസർ, ഇലക്ട്രൽ ഓഫീസർ എന്നിവർക്കുള്ള പ്രതിഫല തുക വർദ്ധിപ്പിച്ചുകൊണ്ടും, നിജപ്പെടുത്തിക്കൊണ്ടുമുള്ള സർക്കാർ ഉത്തരവ്.

സൂചന: സർക്കാർ ഉത്തരവ് (സാധാ) നമ്പർ 31/2006/സഹ./തീയതി 20.1.2006

സഹകരണസംഘങ്ങളിലെ തെരഞ്ഞെടുപ്പ് നടത്തുന്നതിനായി നിയോഗിക്കപ്പെടുന്ന റിട്ടേണിംഗ് ഓഫീസറുടെ പ്രതിഫലതുക പരിഷ്ക്കരിച്ചുകൊണ്ടും, ഇലക്ട്രൽ ഓഫീസറുടെ പ്രതിഫല തുക നിശ്ചയിച്ചു കൊണ്ടുമുള്ള സൂചന പ്രകാരമുള്ള സർക്കാർ ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം അയയ്ക്കുന്നു. ഈ വകുപ്പിലെ മേലുദ്യോഗസ്ഥർ ഇക്കാര്യം എല്ലാ ജീവനക്കാരുടെയും ശ്രദ്ധയിൽ കൊണ്ടുവരുവാൻ താത്പര്യപ്പെടുന്നു.

(ഒപ്പ്),

വി. രഘുനാഥ്,

സഹകരണസംഘം രജിസ്ട്രാർ (ഇൻ-ചാർജ്).

1. രജിസ്ട്രാറുടെ മേശപ്പുറത്ത്.
2. ഈ ആഫീസിലെ എല്ലാ അഡീഷണൽ രജിസ്ട്രാർമാർക്കും.
3. ഈ ആഫീസിലെ എല്ലാ ജോയിന്റ് രജിസ്ട്രാർമാർക്കും.
4. ജോയിന്റ് രജിസ്ട്രാർ (ജനറൽ) എല്ലാ ജില്ലകൾക്കും.

(ആവശ്യമായ പകർപ്പുകൾ സർക്കിൾ തലത്തിൽ കൂടി അയച്ചു കൊടുക്കേണ്ടതാണ്.)

5. ജോയിന്റ് രജിസ്ട്രാർ (ആഡിറ്റ്) എല്ലാ ജില്ലകൾക്കും (അിറവിലേയ്ക്കായി).
6. സെക്രട്ടറി, സംസ്ഥാന സഹകരണ ഇലക്ഷൻ കമ്മീഷൻ (അിറവിലേയ്ക്കായി).
7. സഹകരണ വീഥി.

പകർപ്പ്: (1) സ്റ്റോക്ക് ഫയൽ. (2) സർക്കുലർ ബുക്ക്. (3) സ്പെയർ.

ആജ്ഞാനുസരണം

ഒപ്പ്

സഹകരണസംഘം രജിസ്ട്രാർക്കു വേണ്ടി.

കേരള സർക്കാർ

**സംഗ്രഹം**

സഹകരണവകുപ്പ് - ജീവനക്കാരും - തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥന്മാർക്കുള്ള പുതുക്കിയ പ്രതിഫല നിരക്കുകൾ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

സഹകരണ (എ) വകുപ്പ്

സർക്കാർ ഉത്തരവ് (സാധാ.) നം: 31/2006/സഹ. തീയതി, തിരുവനന്തപുരം, 20.1.2006.

പരാമർശം: (1) ജി.ഒ (ആർ.റ്റി) നം: 19/98/സഹ. തീയതി. 15/1/1998

(2) സഹകരണസംഘം രജിസ്ട്രാറുടെ 3.1.03, 11.10.2004, 11.7.2005 എന്നീ തീയതികളിലെ ജി1/1456/02, ജി 1/4363/05 നമ്പർ കത്തുകൾ.

സഹകരണസംഘം രജിസ്ട്രാറുടെ പരാമർശം 2-ലെ കത്തിലെ നിർദേശം സർക്കാർ വിശദമായി പരിശോധിക്കുകയും, സഹകരണസംഘം തെരഞ്ഞെടുപ്പിന് നിയോഗിക്കപ്പെടുന്ന സഹകരണസംഘം ഉദ്യോഗസ്ഥന്മാരിൽ വരണാധികാരിയുടെ പ്രതിഫലം ഉത്തരവ് തീയതി മുതൽ 300/- (മുന്നൂറ് രൂപ മാത്രം) രൂപയായി ഉയർത്തിക്കൊണ്ടും ഇലക്ടറൽ ഓഫീസറുടെ പ്രതിഫലം 300/- (മുന്നൂറ് രൂപ മാത്രം) രൂപയായി നിജപ്പെടുത്തിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ടി നിരക്കുകൾ പ്രകാരമുള്ള ചെലവുകൾ അതതു സഹകരണസംഘങ്ങൾ/സഹകരണ ബാങ്കുകളുടെ ഫണ്ടിൽ നിന്നും വഹിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പി.കെ.വിഷ്ണുനമ്പൂതിരി

അഡീഷണൽ സെക്രട്ടറി.

സഹകരണസംഘം രജിസ്ട്രാർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

(ഒപ്പ്),

സെക്ഷൻ ഓഫീസർ.